LIBRARY ARCHIVES Kerala Legislative Assembly

അത്തിക്കയം-പെരുനാട്, നിലയ്ക്കൽ-സീതത്തോട്, കൊല്ലമുള, അങ്ങാടി-കൊറ്റനാട് കുടിവെള്ള വിതരണ പദ്ധതികൾ

217 (882) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്തിക്കയം-പെരുനാട്, നിലയ്ക്കൽ-സീതത്തോട്, കൊല്ലമുള, അങ്ങാടി-കൊറ്റനാട് എന്നീ കുടിവെള്ള വിതരണ പദ്ധതികൾക്കായി എത്ര തുകയുടെ പദ്ധതികൾ വീതം അനുവദിച്ചിട്ടുണ്ട് ;

(ബി) ഇവയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ ; ഓരോ പദ്ധതിയുടെയും നിർമ്മാണം എന്നാണാരംഭിച്ചത് ; അനുവദിച്ചിരിക്കുന്ന തുക കൊണ്ട് എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത് ; ഓരോ പ്രവൃത്തികളുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; ഓരോ നിർമ്മാണവും എന്നാണ് പൂർത്തിയാക്കേണ്ടത് ;

(സി) ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെ ; ഇവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ?

(എ) ഉത്തരം

1.	അത്തിക്കയം -പെരുനാട്-		1400 ലക്ഷം
2.	നിലയ്ക്കൽ-സീതത്തോട്	-	909 ലക്ഷം
3.	കൊല്ലമുള	-	800 ലക്ഷം
4.	അങ്ങാടി -കൊറ്റനാട്	-	ഭരണാനുമതി നൽകിയിട്ടില്ല.

(ബി) അത്തിക്കയം-പെരുനാട് ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം 05/2013-ൽ ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായി ഭരണാനുമതി ലഭിച്ച 1400 ലക്ഷം രൂപയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഘടകങ്ങളുടെ

വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു :

നം.	ഘടകങ്ങൾ	നിർമ്മാണ പുരോഗതി	റിമാർക്സ്
1	8 MLD കപ്പാസിറ്റിയുള്ള ജല ശുദ്ധീകരണശാല	നിർമ്മാണം പൂർത്തീകരിച്ചു	3-12-2014
2	ഇൻടേക് പമ്പ്ഹൗസ് മുതൽ ജല ശുദ്ധീകരണശാല വരെയുള്ള 350 എം. എം. D1-K9 റോ വാട്ടർ പമ്പിംഗ് മെയിൻ	പണി പൂർത്തീകരിച്ചു	12-6-2014
3	കോട്ടപ്പാറ ഭൂതലജലസംഭരണിയിലേയ്ക്കുള്ള 150 എം. എം. D1-K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ	90% പണികൾ പൂർത്തീകരിച്ചു	10-7-2015-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു
4	ഇടപ്രമല ഭൂതലജലസംഭരണിയിലേയ്ക്കുള്ള 100 എം. എം D1-K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ	90% പണികൾ പൂർത്തീകരിച്ചു	10-7-2015-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു
5	മുക്കം വരെയുള്ള 500mm D1-K9 ഗ്രാവിറ്റി മെയിൻ	60% പണികൾ പൂർത്തീകരിച്ചു	10-7-2015-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു
6	നിലവിലുള്ള ഇൻടേക് കിണറിന്റെ പുനരുദ്ധാരണം	എസ്റ്റിമേറ്റിന് വാട്ടർ അതോറിറ്റി അംഗീകാരം നൽകേണ്ടതുണ്ട്	
7	ജലസംഭരണികളുടെ നിർമ്മാണം	നാറാണംമൂഴി പഞ്ചായത്തിൽ പഞ്ചാരമുക്ക് ചെമ്പൻമുടി എന്നിവിടങ്ങളിൽ പണിയാനുദ്ദേശിക്കുന്ന ജല സംഭരണിക്കാവശ്യമായ സ്ഥലം പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8	ട്രാൻസ്ഫോർമർ സബ്സ്റ്റേഷന്റെ നിർമ്മാണം	എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.	
9	പമ്പ് സെറ്റുകൾ സ്ഥാപിക്കൽ	കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു	

പെരുനാട് - അത്തിക്കയം ശുദ്ധജല പദ്ധതികളുടെ നിർമ്മാണം 31-3-2016-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. കൊല്ലമുള ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണം 05/2013-ൽ ആരംഭിച്ചു. ഭരണാനുമതി ലഭിച്ച 800 ലക്ഷം രൂപയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഘടകങ്ങളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു :

നം	ഘടകങ്ങൾ	നിർമ്മാണ പുരോഗതി	റിമാർക്സ്
1	എരുമേലി ജലശുദ്ധീകരണ ശാലയിൽ നിന്നും വെൺകുറിഞ്ഞി സമ്പ് വരെ 250 എം. എം. D1-K7 ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ	70% പണികൾ പൂർത്തീകരിച്ചു	റോഡ് മുറിക്കുന്നതിനുള്ള അനുമതി യഥാസമയം ലഭിച്ചാൽ 15/07/2015-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.
2	വെൺകുറുഞ്ഞിയിൽ സമ്പും പമ്പ് ഹൗസും പണിയുക	ടെണ്ടർ അനുമതിക്കുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.	
3	വെൺകുറിഞ്ഞി മുതൽ പാമ്പിരിക്കും പാറ വരെ 150 mm D1-K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുക	ടെണ്ടർ അനുമതിക്കുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
4	വെൺകുറിഞ്ഞി മുതൽ ഓലിക്കൽ ബൂസ്റ്റർ വരെ 250mm DI-K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുക	വർക്ക് ഓർഡർ നൽകി	
5	ഓലിക്കൽ മുതൽ തലമുട്ടിയാനി വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുക, തലമുട്ടിയാനിയിൽ ജലസംഭരണി പണിയുക	തലമുട്ടിയാനിയിൽ ടാങ്ക് പണിയുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല	
6	ഓലിക്കൽ സമ്പും പമ്പ് ഹൗസും പണിയുക	മൂന്ന് തവണ കേരള വാട്ടർ അതോറിറ്റി ടെണ്ടർ വിളിച്ചിട്ടും ആരും പങ്കെടുത്തില്ല	
7	പമ്പ്സെറ്റ് സ്ഥാപിക്കൽ	കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു	

കൊല്ലമുള ശുദ്ധജലവിതരണ പദ്ധതി 12/2016-ൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിലയ്ക്കൽ-സീതത്തോട്, അങ്ങാടി-കൊറ്റനാട് ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. നബാർഡിന്റെ ധനസഹായത്തോടെ ആവിഷ്കരിച്ചിരിക്കുന്ന നിലയ്ക്കൽ-സീതത്തോട് ശുദ്ധജലവിതരണ പദ്ധതിക്ക് 909 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ജലശുദ്ധീകരണശാല പണിയുന്നതിനാവശ്യമായ സ്ഥലം വൈദ്യുതി വകുപ്പിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് വിട്ടുകിട്ടേണ്ടതുണ്ട്. സീതത്തോട്-നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇൻടേക്ക് കിണറും ജലശുദ്ധീകരണശാലയും മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഡീവിയേഷൻ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

അങ്ങാടി-കൊറ്റനാട് ശുദ്ധജല വിതരണ പദ്ധതിക്ക് വേണ്ടി 1150 ലക്ഷം രൂപയുടെ ഡി.ഇ.ആർ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly